# വിദ്യാഭ്യാസം

ഇസ്‌ലാമിക വെളിപാടിന്റെ പ്രഥമ പദം 'വായിക്കുക' എന്നും ആ വെളിപാടിന്റെ പൂർണരൂപം ഒരു ഗ്രന്ഥവുമാണെന്നത് വായനക്കും പഠനത്തിനും ഇസ്‌ലാം നല്കുന്ന പ്രാധാന്യത്തെയാണ് സൂചിപ്പിക്കുന്നതെന്ന് നസ്ർ ചൂണ്ടിക്കാണിക്കുന്നു. ഇസ്‌ലാമിലെ ആദ്യത്തെ വിദ്യാകേന്ദ്രങ്ങൾ പള്ളികളായിരുന്നു. കൂഫഃ, ദമസ്കസ്, ബസ്വ്റഃ തുടങ്ങിയ വിദൂര സ്ഥലങ്ങളിലെ പള്ളികളിൽ ഖുർആൻ പഠിപ്പിക്കാൻ ഖലീഫഃ ഉമർ അധ്യാപകരെ നിയമിച്ചിരുന്നു. ഖുർആന്റെ കൂടെ നബിവചന(ഹദീഥ്)ങ്ങളും പഠിപ്പിക്കപ്പെട്ടു. പിന്നീട് അറബി വ്യാകരണവും സാഹിത്യവും പാഠ്യ വിഷയങ്ങളായി. പ്രാഥമിക വിദ്യാലയങ്ങളായ മക്തബഃകൾ ഉണ്ടായത് ഇങ്ങനെയാണ്. എഴുത്തും വായനയും ഖുർആൻ പാരായണവും മതവിധികളും അറബി ഭാഷയും മക്തബഃകളിൽ പഠിപ്പിക്കപ്പെട്ടു. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഈ വിദ്യാഭ്യാസം നല്കിയിരുന്നു. പള്ളികളിലോ സ്വകാര്യ ഭവനങ്ങളിലോ മക്തബഃകളിലോ വെച്ച് ഈ പഠനം നടന്നു. വിദ്യാർഥികൾ തങ്ങൾ പഠിക്കുന്ന വിഷയങ്ങളെ എന്ന പോലെ പഠിപ്പിക്കുന്ന ഗുരുനാഥന്മാരെയും ബഹുമാനിച്ചിരുന്നു. സ്വഭാവ സംസ്കരണം വിദ്യാഭ്യാസ പ്രക്രിയയുടെ പ്രധാന ലക്ഷ്യമായി പരിഗണിക്കപ്പെട്ടു. മുസ്‌ലിം നഗരങ്ങളിലെ വിദ്യാഭ്യാസ സമ്പ്രദായത്തെയും ബോധനരീതിയെയും സംബന്ധിച്ച് ഇബ്നുഖൽദൂന്റെ *മുഖദ്ദിമഃ*യിൽ വിവരിക്കുന്നുണ്ട്.

പ്രാഥമിക പാഠശാലകളുടെ തുടർച്ചയായി സർവകലാശാലാ സ്വഭാവമുള്ള ഉപരിപഠന കേന്ദ്രങ്ങളും നിലവിൽവന്നു. നാഗരികത അതിന്റെ ബാഹ്യ വളർച്ചയോടൊപ്പം തന്നെ ആന്തരിക വളർച്ചയും കൈവരിച്ചത് ഈ ഉന്നത കലാശാലകൾ വഴിയാണ്. ശാസ്ത്രത്തിന്റെയും തത്ത്വചിന്തയുടെയും മതവിജ്ഞാനീയങ്ങളുടെയും വളർച്ചയിൽ ഉന്നത കലാശാലകൾ ഗണ്യമായ പങ്കുവഹിച്ചു. ഖലീഫഃ മഅ്മൂന്റെ മുൻകൈയാൽ 200/815-ൽ ബഗ്ദാദിൽ സ്ഥാപിക്കപ്പെട്ട ബൈതുൽ ഹിക്മഃ(വിജ്ഞാനഗൃഹം)യാണ് ഒന്നാമത്തെ ഉന്നത പഠന കേന്ദ്രം. തത്ത്വചിന്തയും ഗണിതശാസ്ത്രവുമാണ് ബൈതുൽ ഹിക്മഃയിൽ പ്രധാനമായും പഠിപ്പിക്കപ്പെട്ടത്. വിപുലമായ ഒരു ഗ്രന്ഥാലയവും വാനനിരീക്ഷണ കേന്ദ്രവും ഇതോടനുബന്ധിച്ചു സ്ഥാപിക്കപ്പെട്ടിരുന്നു. പണ്ഡിതന്മാരുടെയും ശാസ്ത്രജ്ഞരുടെയും ദാർശനികരുടെയും സംഗമസ്ഥാനമായിരുന്ന ബൈതുൽ ഹിക്മഃയിൽ വെച്ചാണ് ഗ്രീക്ക് ഗ്രന്ഥങ്ങൾ അറബിയിലേക്ക് പരിഭാഷപ്പെടുത്തിയത്. മുഴുസമയ പരിഭാഷക്കാർ ഇവിടെ ജോലി ചെയ്തിരുന്നു. പഹ്‌ലവി, സംസ്കൃതം, സുറിയാനി ഭാഷകളിലുള്ള കൃതികളും ഇവിടെ മൊഴിമാറ്റം ചെയ്യപ്പെട്ടു.

395/1005-ൽ ഫാത്വിമീ ഖലീഫഃ അൽഹാകിം കൈറോയിൽ സ്ഥാപിച്ച ഉന്നത പഠന കേന്ദ്രമാണ് 'ദാറുൽ ഇൽമ്' (വിദ്യാഭവനം). ഗണിത ശാസ്ത്രവും ഭൗതികശാസ്ത്രവും ഇവിടത്തെ പ്രധാന പഠനവിഷയങ്ങളായിരുന്നു. ഹി. അഞ്ചാം ശതകത്തിൽ സൽജൂഖീ പ്രധാനമന്ത്രി നിളാമുൽ മുൽക് ബഗ്ദാദിലും നിശാപൂരിലും മറ്റു പ്രധാന നഗരങ്ങളിലും കലാശാലാ ശൃംഖല സ്ഥാപിച്ചു. ഇവയിൽ ബഗ്ദാദിലെ കലാശാല(അൽമദ്റസതുന്നിളാമിയ്യഃ)യാണ് ഏറ്റവും പ്രശസ്തം. 459/1067-ലാണ് ഇത് സ്ഥാപിച്ചത്. വിഖ്യാത കർമശാസ്ത്ര വിശാരദനായ അബൂ ഇസ്ഹാഖശ്ശീറാസിയായിരുന്നു നിളാമിയ്യഃയിലെ പ്രഥമ ഗുരു. പിന്നീട് അതിപ്രശസ്തനായ ഇമാം ഗസ്സാലി ഇവിടത്തെ അധ്യാപകനായി. പില്ക്കാലത്ത് നിളാമിയ്യഃയുടെ ശാഖകൾ വിവിധ നഗരങ്ങളിൽ സ്ഥാപിക്കപ്പെട്ടു. സ്വലാഹുദ്ദീനിൽ അയ്യൂബി 585/1189-ൽ ഇതിന്റെ ഒരു ചാപ്റ്റർ ജറൂസലമിൽ സ്ഥാപിച്ചു. ഉത്തരാഫ്രിക്കയിലും ഗ്രാനഡയിലും നിളാമിയ്യഃക്ക് ശാഖകളുണ്ടായിരുന്നു.

ടൈഗ്രീസിന്റെ തീരത്ത് സ്ഥിതിചെയ്തിരുന്ന അൽമുസ്തൻസ്വിരിയ്യഃ, സമർഖന്ദിലെയും ഇതര മധ്യേഷ്യൻ നഗരങ്ങളിലെയും മദ്റസഃകൾ, ശീറാസ്, ഇസ്ഫഹാൻ, മശ്ഹദ്, തിബ്രീസ് എന്നിവിടങ്ങളിലെ കലാലയങ്ങൾ ഇവ മധ്യകാല സർവകലാശാലകളിൽപെടുന്നു. ഇസ്ഫഹാനിലെ ചാർബാഗ് സർവകലാശാലയുടെ കെട്ടിടം ഇസ്‌ലാമിക വാസ്തുശില്പത്തിന്റെ അനശ്വര മാതൃകയാണ്. ശീറാസിലെ ഖാൻ മദ്റസഃയിൽ അധ്യാപകനായിരുന്നു പ്രശസ്ത തത്ത്വശാസ്ത്രജ്ഞനായിരുന്ന മുല്ലാ സദ്റ.

കൊർദോവ, സെവില്ല, ഫാസ്, നജഫ്, അലപ്പോ, ഈജിപ്ത് എന്നിവിടങ്ങളിലും ആയിരക്കണക്കിന് വിദ്യാർഥികളെ ആകർഷിക്കുന്ന ഉന്നത കലാശാലകൾ സ്ഥാപിക്കുകയുണ്ടായി. ടി.ബി. ഇർവിംഗ് എഴുതുന്നു: "അറ്റ്‌ലാന്റിക് മുതൽ മധ്യേഷ്യ വരെ നീണ്ടുകിടക്കുന്ന വിശാലമായ ഭൂവിഭാഗത്തിലെ എല്ലാ പട്ടണങ്ങളിലും പണ്ഡിതന്മാരെ കാണാമായിരുന്നു. മിക്കവാറും എല്ലാ പട്ടണങ്ങളിലും ഒന്നാം തരം കലാലയങ്ങളും പ്രവർത്തിച്ചിരുന്നു...കഴിവുറ്റ വിദ്യാർഥികൾ ഉപരിപഠനാർഥം കിഴക്കോട്ട് പോയിക്കൊണ്ടിരുന്നു."

ഇസ്‌ലാമിക വിദ്യാഭ്യാസ വ്യവസ്ഥയിൽ പഠനം സൗജന്യമായിരുന്നു. വിദ്യാഭ്യാസ ചെലവുകളെല്ലാം ഭരണകൂടം വഹിച്ചു. മുസ്‌ലിം ധനാഢ്യരും വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് വൻതുകകളും സ്വത്തുക്കളും സംഭാവന ചെയ്തിരുന്നു. അക്കാദമിക പഠനത്തോടൊപ്പം നീന്തൽ, അസ്ത്രവിദ്യ, അശ്വാഭ്യാസം എന്നിവയും പഠിപ്പിക്കപ്പെട്ടിരുന്നു. ഹൃദിസ്ഥമാക്കുക എന്നതായിരുന്നു പൊതുവേ അവലംബിക്കപ്പെട്ട അധ്യയന രീതി. ചെറുപ്രായത്തിൽ തന്നെ ഖുർആൻ മനഃപാഠമാക്കുന്നതിന് മുൻഗണന നല്കിവന്നു. അറബിയായിരുന്നു ബോധന മാധ്യമം. ഉന്നത കലാലയങ്ങളിൽ പഠനം പൂർത്തിയാക്കുന്നവർക്ക് ഇജാസഃ (സർട്ടിഫിക്കറ്റ്) നല്കുന്ന സമ്പ്രദായമുണ്ടായിരുന്നു. പഠിക്കുന്ന വിഷയം പഠിപ്പിക്കാനുള്ള ഗുരുവിന്റെ സമ്മതിപത്രമാണ് ഇജാസഃ. ഓരോ വിഷയത്തിനും അതത് വിഷയം പഠിപ്പിക്കുന്ന ഗുരുവാണ് ഇജാസഃ നല്കുക. ഒരു ഗുരുവിൽനിന്ന് ഒരു വിഷയം പഠിച്ചുകഴിഞ്ഞാൽ മറ്റൊരു വിഷയം പഠിക്കാൻ ആ വിഷയത്തിൽ നിപുണനായ മറ്റൊരു ഗുരുവിനെ സമീപിക്കുന്ന സമ്പ്രദായമുണ്ടായിരുന്നു. ഗുരു നല്കുന്ന ഇജാസഃയിൽ ആ വിഷയം തനിക്കു പകർന്നുകിട്ടിയ ഗുരുക്കന്മാരെ കൂടി സൂചിപ്പിച്ചിരുന്നു. ഗുരുക്കൻമാരുടെ ഈ പരമ്പരയാണ് ഇസ്നാദ് എന്നറിയപ്പെടുന്നത്. ഒരു വിഷയം പഠിപ്പിക്കാനുള്ള ഇജാസഃ ലഭിക്കുന്നതോടെ അതു ലഭിക്കുന്ന ആൾ പ്രസ്തുത വിഷയത്തിലെ അംഗീകൃത ഗുരുപരമ്പരയിലെ ഒരാളായിത്തീരുന്നു.